REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 31-01-2025** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- രാജ്യത്തിന്റെ വികസനത്തിനും ജനങ്ങളുടെ ക്ഷേമത്തിനും വേണ്ടി ഗവൺമെന്റ് അഭൂതപൂർവമായ വേഗത്തിലാണ് പ്രവർത്തിക്കുന്നതെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു . പാർലമെന്റ് ബജറ്റ് സമ്മേളനം ആരംഭിച്ചു.
- 2047-ഓടെ വികസിത് ഭാരത് എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ബജറ്റ് സമ്മേളനം പുതിയ ആത്മവിശ്വാസവും ഊർജവും പകരുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
- സാമ്പത്തിക സർവെ ഇന്നും പൊതു ബജറ്റ് നാളെയും ലോക്സഭയിൽ അവതരിപ്പിക്കും.
- പറവൂരിൽ നിന്ന് വ്യാജരേഖകളുമായി 27 ബംഗ്ലാദേശികളെ പോലീസ് പിടികൂടി.
- സ്വർണ വില പവന് 61,000 പിന്നിട്ടു.
- അണ്ടർ 19 വനിത ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റിൽ ദക്ഷിണാഫ്രിക്ക ഫൈനലിൽ. രണ്ടാം സെമിയിൽ ഇന്ത്യയ്ക്കെതിരെ ഇംഗ്ലണ്ടിന് ബാറ്റിംഗ്.

## വാർത്തകൾ വിശദമായി

**രാജ്യത്തിന്റെ വികസനത്തിനും ജനങ്ങളുടെ ക്ഷേമത്തിനും വേണ്ടി ഗവൺമെന്റ് അഭൂതപൂർവമായ വേഗത്തിലാണ് പ്രവർത്തിക്കുന്നതെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. ബജറ്റ് സമ്മേളനത്തിന് തുടക്കം കുറിച്ച് പാർലമെന്റ് ഹൗസിൽ ലോക്സഭയുടെയും രാജ്യസഭയുടെയും**

സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി.

രാജ്യത്തെ മൂന്ന് കോടി കുടുംബങ്ങൾക്ക് പുതിയ വീടുകൾ നൽകുന്നതിനായി പ്രധാനമന്ത്രി ആവാസ് യോജന വിപുലീകരിക്കാൻ തീരുമാനിച്ചതായി ഗവൺമെന്റിന്റെ വിവിധ പദ്ധതികൾ ഉദ്ധരിച്ച് രാഷ്ട്രപതി പറഞ്ഞു. സാമൂഹിക നീതിക്കും സമത്വത്തിനും ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ചു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയിൽ എഐ മിഷൻ ആരംഭിച്ചിട്ടുണ്ടെന്നും രാഷ്ട്രപതി അറിയിച്ചു. ചെറുകിട കടയുടമകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)......

അഞ്ച് കോടി ഗോത്രവർഗക്കാർക്കായി ധർത്തി അബ ജൻജാതി ഗ്രാം ഉത്കർഷ് കാമ്പയിൻ ആരംഭിച്ചതായും രാഷ്ട്രപതി പറഞ്ഞു. ആയുഷ്മാൻ ഭാരത് പദ്ധതിക്ക് കീഴിൽ 70 വയസോ അതിൽ കൂടുതലോ പ്രായം വരുന്ന ആറ് കോടി മുതിർന്ന പൗരന്മാർക്ക് ആരോഗ്യ ഇൻഷുറൻസ് നൽകാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

യുവാക്കളുടെ വിദ്യാഭ്യാസത്തിലും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും പ്രത്യേക ശ്രദ്ധ ചെലുത്തിയിട്ടുണ്ടെന്നും രാഷ്ട്രപതി പറഞ്ഞു. രാജ്യത്തെ മികച്ച 500 കമ്പനികളിൽ ഒരു കോടി യുവാക്കൾക്ക് ഇന്റേൺഷിപ്പ് നൽകുമെന്നും അവർ അറിയിച്ചു .

ദേശീയ വിദ്യാഭ്യാസ നയത്തിന് കീഴിൽ വിദ്യാർത്ഥികൾക്ക് ആധുനിക വിദ്യാഭ്യാസ സമ്പ്രദായം നൽകുന്നുണ്ടെന്ന് രാഷ്ട്രപതി പറഞ്ഞു. സ്ത്രീ ശാക്തീകരണത്തിൽ, സ്ത്രീകൾ നയിക്കുന്ന വികസനം എന്ന കാഴ്ചപ്പാടോടെയാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നത്.

വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങളിൽ ആശങ്ക പ്രകടിപ്പിച്ച രാഷ്ട്രപതി, സൈബർ തട്ടിപ്പുകൾ തടയാൻ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കുന്നുണ്ടെന്ന് പറഞ്ഞു.

ഉധംപൂർ-ശ്രീനഗർ-ബാരാമുള്ള റെയിൽ ലിങ്ക് പദ്ധതി പൂർത്തീകരിച്ചുവെന്നും ഇപ്പോൾ രാജ്യത്തെ കശ്മീർ മുതൽ കന്യാകുമാരി വരെ റെയിൽവേ ലൈൻ വഴി ബന്ധിപ്പിക്കുമെന്നും രാഷ്ട്രപതി പറഞ്ഞു.

✪✪✪

2047-ഓടെ വികസിത് ഭാരത് എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ബജറ്റ് സമ്മേളനം പുതിയ ആത്മവിശ്വാസവും ഊർജവും പകരുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ആത്മവിശ്വാസം പ്രകടിപ്പിച്ചു. പാർലമെന്റിന്റെ ബജറ്റ് സമ്മേളനം ആരംഭിക്കുന്നതിന് മുന്നോടിയായി മാധ്യമങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു മോദി.

2047 ൽ ഇന്ത്യ സ്വാതന്ത്ര്യത്തിന്റെ 100 വർഷം പൂർത്തിയാക്കുമ്പോൾ, രാജ്യം വികസിത് ഭാരതമായി മാറുമെന്നും അദ്ദേഹം പറഞ്ഞു. ഒരു ജനാധിപത്യ രാഷ്ട്രമെന്ന നിലയിൽ ഇന്ത്യ 75 വർഷം പൂർത്തിയാക്കിയെന്നും ആഗോള തലത്തിൽ മികച്ച രീതിയിൽ നിലയുറപ്പിച്ചുവെന്നത് അഭിമാനകരമാണെന്നും മോദി പറഞ്ഞു.

ഈ സമ്മേളന കാലത്ത് പല സുപ്രധാന തീരുമാനങ്ങളും കൈക്കൊള്ളും. വികസനത്തിന്റെ വേഗം കൈവരിക്കുമ്പോൾ, പരിഷ്കാരത്തിനാണ് പരമാവധി ഊന്നൽ നൽകേണ്ടത്, സംസ്ഥാന-കേന്ദ്ര ഗവൺമെന്റുകൾ ഒരുമിച്ച് പ്രവർത്തിക്കണമെന്നും രാജ്യത്തിന് പൊതുസമൂഹത്തിലൂടെ പരിവർത്തനം കാണാൻ കഴിയുമെന്നും അദ്ദേഹം പറഞ്ഞു.

രാജ്യത്തെ വികസിത രാഷ്ട്രമാക്കി മാറ്റാൻ എല്ലാ പാർലമെന്റ് അംഗങ്ങളോടും പ്രധാനമന്ത്രി അഭ്യർത്ഥിച്ചു.

✪✪✪

സാമ്പത്തിക സർവെ ധനമന്ത്രി നിർമ്മലാ സീതാരാമൻ ലോക്സഭയിൽ അവതരിപ്പിക്കും. അടുത്ത സാമ്പത്തിക വർഷത്തെ പൊതു ബജറ്റ് നാളെ രാവിലെയാണ് ധനമന്ത്രി ലോക്സഭയിൽ അവതരിപ്പിക്കുന്നത്. രാഷ്ട്രപതിയുടെ പ്രസംഗത്തിന് നന്ദിപ്രമേയം ലോക്സഭയും രാജ്യസഭയും തിങ്കളാഴ്ച ചർച്ച ചെയ്യും. ധനകാര്യ ബിൽ 2025, വഖഫ് ഭേദഗതി ബിൽ, ഇമിഗ്രേഷൻ ആൻഡ് ഫോറിനേഴ്സ് ബിൽ, ബാങ്കിംഗ് നിയമ ഭേദഗതി ബിൽ, റെയിൽവേ ഭേദഗതി ബിൽ, എന്നിവ ഉൾപ്പെടെ 16 ബില്ലുകൾ സമ്മേളനകാലത്ത് പരിഗണനയ്ക്ക് വരും. ബജറ്റ് സമ്മേളനത്തിന്റെ ആദ്യഭാഗം അടുത്ത മാസം 13 വരെയാണ്. രണ്ടാം പാദ സമ്മേളനം മാർച്ച് 10 മുതൽ ഏപ്രിൽ 4 വരെ നടക്കും.

ഡൽഹിയിൽ വോട്ടെടുപ്പ് നടക്കുന്നതിനാൽ ഫെബ്രുവരി അഞ്ചിന് പാർലമെന്റ് സമ്മേളിക്കില്ല.

✪✪✪

ജമ്മു കശ്മീരിലെ പൂഞ്ച് ജില്ലയിൽ നിയന്ത്രണരേഖയിൽ വെടിവയ്പിൽ രണ്ട് ഭീകരർ കൊല്ലപ്പെട്ടു. പൂഞ്ച് ജില്ലയിലെ ഗുൽപൂർ സെക്ടറിലെ ഖാരി കർമാര മേഖലയിൽ ആണ് നുഴഞ്ഞുകയറ്റ ശ്രമം നടന്നത്.

✪✪✪

പറവൂരിൽ നിന്ന് വ്യാജരേഖകളുമായി 27 ബംഗ്ലാദേശികളെ പോലീസ് പിടികൂടി. DGP യുടെ നിർദേശപ്രകാരം ഇന്നലെ രാത്രി എറണാകുളം റൂറൽ പോലീസ് നടത്തിയ തെരച്ചിലിലാണ് ഇവരെ പിടികൂടിയത്.മൂന്നു മാസം മുതൽ ഒരുവർഷം മുൻപ് വരെ എത്തിയവരായിരുന്നു ഇവർ. ഇവർക്ക് വ്യാജരേഖകൾ സംഘടിപ്പിച്ചു കൊടുക്കുന്നവരെക്കുറിച്ചു അന്വേഷണം നടത്തുമെന്ന് റൂറൽ എസ് പി ഡോക്ടർ വൈഭവ് സക്സേന പറഞ്ഞു. ഏറ്റവും കൂടുതൽ അതിഥി തൊഴിലാളികൾ ജോലിചെയ്യുന്ന എറണാകുളം ജില്ലയിൽ വരും ദിവസങ്ങളിലും പരിശോധന തുടരുമെന്നും SP അറിയിച്ചു.

✪✪✪

പാലക്കാട് നെന്മാറയിൽ ഇരട്ടക്കൊലപാതകം നടന്ന വീട് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല സന്ദർശിച്ചു. കൊല്ലപ്പെട്ട സുധാകരന്റെ മക്കളുമായി അദ്ദേഹം സംസാരിച്ചു. കേസിലെ പ്രതി ചെന്താമര, അച്ഛനെ കൊല്ലുമെന്ന് കുട്ടികൾ പൊലീസ് സ്റ്റേഷനിൽ പോയി പറഞ്ഞിട്ടും നടപടിയൊന്നുമുണ്ടായില്ലെന്ന് രമേശ് ചെന്നിത്തല പറഞ്ഞു. ജാമ്യവ്യവസ്ഥ ലംഘിച്ച ചെന്താമരയെ ജയിലിലേക്ക് തിരിച്ചയച്ചില്ലെന്നും  ഇത് ഗുരുതര വീഴ്ചയാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി. കുട്ടികളുടെ സംരക്ഷണം സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കണമെന്നും  ചെന്നിത്തല ആവശ്യപ്പെട്ടു.

✪✪✪

തിരുവനന്തപുരം ബാലരാമപുരത്തെ രണ്ടു വയസുകാരിയുടെ കൊലപാതകത്തിൽ മൊഴി രേഖപ്പെടുത്താൻ കുട്ടിയുടെ സഹോദരിയെയും മുത്തശ്ശിയെയും പോലീസ് സ്റ്റേഷനിൽ എത്തിച്ചു. പ്രതി ഹരികുമാർ കുട്ടികളെ മർദ്ദിച്ചിരുന്നുവെന്ന് അമ്മ ശ്രീതു മൊഴിനൽകിയിരുന്നു. ഇതിനെ തുടർന്നാണ് മൂത്ത കുട്ടിയുടെ മൊഴിയെടുക്കാൻ പൊലീസ് തീരുമാനിച്ചത്. അതേസമയം, തിരുവനന്തപുരം റൂറൽ SP  കെ എസ് സുദർശൻ സംഭവസ്ഥലം സന്ദർശിച്ചു.

✪✪✪

സംസ്ഥാനത്ത് സ്വർണ വില പവന് 61,000 പിന്നിട്ടു. ഇന്ന് വൻ വർദ്ധനായായാണ് പവന് ഉണ്ടായത്. 960 രൂപ കൂടി 61,840 രൂപയായി. ഗ്രാമിന് 120 രൂപ വർദ്ധിച്ച് 7,730 രൂപയാണ് ഇന്നത്തെ വില.

✪✪✪

സംസ്ഥാനത്ത് IAS തലപ്പത്ത് വീണ്ടും മാറ്റം. സാമൂഹിക നീതി വകുപ്പ് ഡയറക്ടർ ജി പ്രിയങ്കയെ പാലക്കാട് കലക്ടറായി നിയമിച്ചു. പ്രവേശന പരീക്ഷാ കമ്മീഷണർ അരുൺ എസ് നായർക്ക് സാമൂഹിക നീതി വകുപ്പ് ഡയറക്ടറുടെയും സാമൂഹിക സുരക്ഷാ മിഷൻ ഡയറക്ടറുടെയും പൂർണ അധിക ചുമതല നൽകി.

✪✪✪

കോലാലംപൂരിൽ അണ്ടർ 19 വനിത ട്വന്റി 20 ലോകകപ്പ് ക്രിക്കറ്റ് രണ്ടാം സെമിയിൽ ഇന്ത്യക്ക് എതിരെ ഇംഗ്ലണ്ട് ബാറ്റിംഗ് തിരഞ്ഞെടുത്തു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇംഗ്ലണ്ട് പത്ത് ഓവറിൽ രണ്ട് വിക്കറ്റിന് നഷ്ടപ്പെടാതെ 23 റൺസ് എടുത്തിട്ടുണ്ട്.

അതിനിടെ, ദക്ഷിണാഫ്രിക്ക ഫൈനലിൽ പ്രവേശിച്ചു. ആദ്യ സെമിയിൽ ഓസ്ട്രേലിയയെ അഞ്ച് വിക്കറ്റിന് തോൽപ്പിച്ചാണ് ദക്ഷിണാഫ്രിക്കയുടെ ഫൈനൽ പ്രവേശം. ഇന്ത്യ- ഇംഗ്ലണ്ട് സെമിയിലെ ജേതാക്കളുമായി മറ്റന്നാൾ ഫൈനലിൽ ദക്ഷിണാഫ്രിക്ക ഏറ്റുമുട്ടും.

✪✪✪

ഇന്ത്യാ ഇംഗ്ലണ്ട് ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന്. പൂനെയിൽ വൈകിട്ട് ഏഴിനാണ് മത്സരം. ഇന്ന് ജയിച്ച് പരമ്പര സ്വന്തമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഇന്ത്യ ഇറങ്ങുന്നത്.

ആദ്യ രണ്ട് മത്സരങ്ങളിൽ ജയിച്ച ഇന്ത്യ മൂന്നാം മത്സരത്തിൽ പരാജയപ്പെട്ടിരുന്നു.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് മുംബൈ സിറ്റി FC ഈസ്റ്റ് ബംഗാൾ FCയെ നേരിടും. വൈകിട്ട് ഏഴരയ്ക്ക് മുംബൈയിലാണ് മത്സരം.

ചെന്നൈയിൽ ഇന്നലെ ചെന്നൈയിൻ FC യെ തകർത്ത് കേരളാ ബ്ലാസ്റ്റേഴ്സ് പ്ലേ ഓഫ് സാധ്യത സജീവമാക്കി.

ഒന്നിനെതിരെ മൂന്ന് ഗോളുകൾക്കായിരുന്നു ബ്ലാസ്റ്റേഴ്സിന്റെ ജയം.

✪✪✪

കണ്ണൂർ പ്രസ്സ് ക്ലബ്ബിന് സമീപത്തെ  റെയിൽവേ ഫൂട്ട് ഓവർ ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തി ഫെബ്രുവരി അവസാന വാരത്തോടെ ആരംഭിക്കുമെന്ന് BJP ദേശീയ നിർവ്വാഹക സമിതിയംഗവും റെയിൽവേ പാസഞ്ചേഴ്സ് അമിനിറ്റീസ് കമ്മറ്റി മുൻ ചെയർമാനുമായ പി.കെ. കൃഷ്ണദാസ് അറിയിച്ചു

പാലം നിർമ്മാണം സംബന്ധിച്ച് ഉന്നത റെയിലിൽവേ ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തിയെന്നും പാലത്തിന്റെ അറ്റകുറ്റപ്പണിക്ക് വേണ്ടിയാണ് അടച്ചിട്ടതെങ്കിലും ഇത് പ്രായോഗികമല്ലാത്തതിനാലാണ് പുതിയ പാലം നിർമ്മിക്കാൻ റെയിൽവേ വകുപ്പ് തീരുമാനിച്ചതെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

കോഴിക്കോട് വടകര മേമുണ്ട MK കൃഷ്ണൻ  അന്തരിച്ചു. 108 വയസ്സായിരുന്നു. ക്ഷേത്രപ്രവേശന പ്രക്ഷോഭങ്ങളിലും മാഹി വിമോചന സമരത്തിലും പങ്കെടുത്ത അദ്ദേഹം, കോൺഗ്രസിന്റെ PSP യുടേയും പ്രാദേശികനേതാവായിരുന്നു.  സംസ്കാരം വൈകിട്ട് നടക്കും.

✪✪✪

സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യുന്ന പോക്സോ കേസുകളിൽ പ്രതിയും ഇരയും തമ്മിലുണ്ടാക്കുന്ന ഒത്തുതീർപ്പുകൾ ഗൗരവത്തോടെ കാണേണ്ട വിഷയമാണെന്ന് സംസ്ഥാന ബാലാവകാശ കമ്മീഷൻ അധ്യക്ഷൻ KV മനോജ് കുമാർ പറഞ്ഞു. പീഡനത്തിന് ഇരയാകുന്ന കുട്ടികൾ ബാഹ്യസമ്മർദങ്ങൾ കാരണം മൊഴിമാറ്റിപ്പറയുന്നത് കുറ്റവാളികൾ രക്ഷപ്പെടാൻ കാരണമാകുന്നതായും അദ്ദേഹം പറഞ്ഞു. സംസ്ഥാന ബാലാവകാശ കമ്മീഷനും ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റും സംയുക്തമായി  വിദ്യാഭ്യാസ അവകാശ നിയമം സംബന്ധിച്ച് കോഴിക്കോട്ട് സംഘടിപ്പിച്ച  യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം .

✪✪✪

രോഗിയുടെ ജീവൻ അപകടത്തിലാകുന്ന സന്ദർഭത്തിൽ ഗവൺമെന്റ് ആശുപത്രിയിലെ ഡോക്ടർക്ക് സ്വകാര്യാശുപത്രിയിലെ ഡോക്ടറുടെ

സേവനം തേടുന്നതിൽ നിരോധനമുണ്ടോ എന്നതിൽ ഗവൺമെന്റ് വ്യക്തത വരുത്തണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ആവശ്യപ്പെട്ടു.

ഗവൺമെന്റ് ആശുപത്രിയിലെ ഡോക്ടർ ഒരു സന്ദർഭത്തിലും സ്വകാര്യാശുപത്രിയിലെ ഡോക്ടറെ ഗവൺമെന്റ് ആശുപത്രിയിലേക്ക് വിളിച്ചുവരുത്തരുതെന്ന പൊതു ധാരണ തിരുത്തണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച പരാതിയിലാണ് കമ്മീഷൻ ജുഡീഷ്യൽ അംഗം കെ. ബൈജൂനാഥ് ആരോഗ്യ വകുപ്പ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടത്.

✪✪✪

യൂസ്ഡ് കാർ വിൽക്കുന്ന ഷോറൂമുകൾക്ക് കേന്ദ്രമോട്ടോർ വാഹന ചട്ടം 55 എ പ്രകാരം സംസ്ഥാനത്ത് ഓതറൈസേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി. നിലവിൽ സർട്ടിഫിക്കറ്റ് ഇല്ലാതെ പ്രവർത്തിക്കുന്ന ഷോറൂമുകൾ മാർച്ച് 31നകം ഓതറൈസേഷൻ സർട്ടിഫിക്കറ്റ് നേടണമെന്നും ഇതിനു ശേഷം അനധികൃതമായി യൂസ്ഡ് കാർ ഷോറൂമുകൾ സംസ്ഥാനത്ത് പ്രവർത്തിക്കാൻ കഴിയില്ലെന്നും ട്രാൻസ്പോർട്ട് കമ്മീഷണർ അറിയിച്ചു.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader : സയ്യിദ് അലി ശിഹാബ്*
*Standby: ഹക്കീം കൂട്ടായി,*
*Casual News Reader രജ്ന കെ*
*DEO : ഷീബ*